# 51. ജനാധിപത്യം താഴെനിന്ന്

1950 ജനവരി 26—ാം തീയതി ഇന്ത്യ ഒരു റിപ്പബ്ലിക്കായി. ആ സുദിനത്തിന്റെ മുപ്പത്തെട്ടാം വാർഷികം രാഷ്ട്രം 1987 ജനവരി 26-ന് ആഘോഷിച്ചു.

ഒരിക്കൽക്കൂടി ഞാൻ ചിന്തിച്ചുപോവുന്നു: എന്താണ് 'റിപ്പബ്ലിക്' എന്നാൽ?

ഞാൻ ഭരണഘടനയെടുത്ത് അതിലെ ആമുഖം വായിച്ചുനോക്കുന്നു.

'ഭാരതത്തിലെ ജനങ്ങളായ ഞങ്ങൾ ഭാരതത്തെ ഒരു പരമാധികാര—സ്ഥിതിസമത്വ—മതനിരപേക്ഷ—ജനാധിപത്യറിപ്പബ്ളിക്കായി സംവിധാനംചെയ്യുവാനും, അതിലെ പൗരന്മാർക്കെല്ലാം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിക്കും ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും, പദവിയിലും അവസരത്തിലും സമത്വവും ലഭ്യമാക്കുവാനും, അവർക്കെല്ലാം ഇടയിൽ, വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട്, സാഹോദര്യം പുലർത്തുവാനും സഗൗരവം തീരുമാനിച്ചിരിക്കയാൽ, ഞങ്ങളുടെ ഭരണഘടനാനിർമാണസഭയിൽ ഈ 1949 നവംബർ 26—ാം തീയതി ഈ ഭരണഘടനയെ സ്വീകരിച്ച് നിയമമാക്കി ഞങ്ങൾക്കുതന്നെ സമർപ്പിക്കുന്നു.'

'റിപ്പബ്ളിക്ക്' എന്ന പദത്തിന്റെ അർത്ഥം ഈ ആമുഖത്തിൽനിന്നു വ്യക്തമാകാത്തതിനാൽ ഞാൻ നിഘണ്ടുവിലേക്കു തിരിയുന്നു. ആദ്യം നോക്കിയ നിഘണ്ടുവിൽ (റാൻഡം ഹൗസ്) റിപ്പബ്ളിക്കിന്റെ രണ്ടു നിർവചനങ്ങളുണ്ട്. ഒരു നിർവചനം ഇങ്ങനെയാണ്: 'റിപ്പബ്ളിക് എന്ന രാഷ്ട്രത്തിൽ പരമാധികാരം വോട്ടവകാശമുള്ള പൗരന്മാരിൽ നിക്ഷിപ്തമായിരിക്കും, അവർ നേരിട്ടോ, നേരിട്ടല്ലാതെയോ തെരഞ്ഞെടുക്കുന്ന പ്രതിനിധികളിൽക്കൂടിയാണ് ഈ അധികാരം നടപ്പിലാക്കപ്പെടുക.'

രണ്ടാമത്തെ നിർവചനം ഇങ്ങനെയും: 'റിപ്പബ്ളിക്ക് എന്ന രാഷ്ട്രത്തിന്റെ തലവൻ രാജാവായിരിക്കുകയില്ല; പ്രസിഡണ്ട് ആയിരിക്കും. ഈ പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുകയോ, നാമനിർദേശം ചെയ്യുകയോചെയ്യുന്നു.'

ഈ രണ്ടു നിർവചനങ്ങളും പൂർണതൃപ്തി നൽകാത്തതിനാൽ ഞാൻ മറ്റൊരു നിഘണ്ടു (കൺസൈസ് ഓക്സ്ഫോർഡ്) കൂടി എടുത്തുനോക്കുന്നു. 'റിപ്പബ്ളിക്' എന്ന രാഷ്ട്രത്തിൽ ഭരണം നിർവഹിക്കുന്നത് പേരിനു് (സാധാരണയായി യാഥാർത്ഥ്യത്തിലും) ജനങ്ങളോ, അവരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളോ ആയിരിക്കും എന്ന നിർവചനം അതിൽ വായിക്കുന്നു.

ഈ മൂന്നു നിർവചനങ്ങളിൽ ഏതാണ് ഇന്ത്യൻ റിപ്പബ്ളിക്കിനു യോജിക്കുക എന്നു ഞാൻ ആലോചിക്കുന്നു. ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ 'പേരിൽ' ഭരണം നടക്കുന്ന രാഷ്ട്രം റിപ്പബ്ളിക്കാവുമെങ്കിൽ ഇന്ത്യ റിപ്പബ്ളിക്കുതന്നെ എന്നു ഞാൻ ഓർത്തുപോവുന്നു. 'തെരഞ്ഞെടുക്കപ്പെടുകയോ, നാമനിർദേശംചെയ്യപ്പെടുകയോചെയ്യുന്ന പ്രസിഡണ്ട് തലവനായ രാഷ്ട്രം' റിപ്പബ്ളിക്കാവുമെങ്കിലും, ഇന്ത്യയെ റിപ്പബ്ളിക് എന്നു വിളിക്കാം. പാർലമെൻറിലും നിയമസഭകളിലും അവതരിപ്പിക്കുന്ന കേന്ദ്രത്തിന്റെയും സ്റ്റേററുകളുടെയും ബജററു

കൾ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അംഗീകരിക്കുന്നുണ്ട് എന്നതിനാൽ, ഈ പ്രതിനിധികളുടെ 'പേരിൽ' ആണ് ഇന്ത്യയിലെ ഭരണം നടക്കുന്നത് എന്നു പറയാമല്ലോ. അതുപോലെ, ഭൂരിപക്ഷമുള്ള പാർട്ടി നാമനിർദേശംചെയ്തശേഷം, പാർലമെൻറിലെയും നിയമസഭകളിലെയും അംഗങ്ങൾ തെരഞ്ഞെടുക്കുന്ന പ്രസിഡണ്ടാണ് രാഷ്ട്രത്തലവൻ എന്നതിനാലും ഇന്ത്യൻ രാഷ്ട്രം റിപ്പബ്ളിക്കാണ് എന്നു പറയാം.

അങ്ങനെ നിഘണ്ടുക്കളിലെ രണ്ടു നിർവചനങ്ങളെ നാം സാർത്ഥകങ്ങളാക്കിയിരിക്കുന്നു. പക്ഷേ, ഞാൻ ആദ്യം ഉദ്ധരിച്ച നിർവചനമോ? ആ നിർവചനമനുസരിച്ച് ഇന്ത്യയെ 'റിപ്പബ്ളിക്' എന്നു വിളിക്കാമോ?

'റിപ്പബ്ളിക്' എന്നതൊരു ലാററിൻ പദമാണ്. റിപ്പബ്ളിക് എന്ന സങ്കല്പനത്തെ വികസിപ്പിച്ചെടുത്തതു് ആകട്ടെ ഫ്രഞ്ചുകാരും, അവരെത്തുടർന്ന് യൂറോപ്പിലേയും വടക്കേ അമേരിക്കയിലെയും ജനങ്ങളുമാകുന്നു. 'പരമാധികാരം ജനങ്ങളിൽ' എന്നതാണ് ആ സങ്കല്പനത്തിൻെറ കാതലായ അംശം. അതിനാൽ, പരമാധികാരത്തെ സ്പർശിക്കാതെ റിപ്പബ്ളിക്കിനെ നിർവചിക്കാനാവില്ല.

ഈശ്വരൻ, കാലം, ദേശം (സ്പേസ്) മുതലായവപോലെ ഒരു അമൂർത്തസങ്കല്പമല്ല പരമാധികാരം. വായുപോലെ, വെളിച്ചംപോലെ, ജീവിതത്തിൽ ഇപ്പോൾ, ഇവിടെ, അനുഭവിക്കേണ്ട ഒരു യഥാർത്ഥ വസ്തുതയാണ് അതു്. അതായതു്, പരമാധികാരം നടപ്പിലാക്കപ്പെട്ടപ്പോൾ മാത്രമാണ് പരമാധികാരം ഉള്ളതു്. ജനങ്ങൾക്കു പരമാധികാരം ഉണ്ടോ എന്നറിയുവാൻ നാം നോക്കേണ്ടതു് ജനങ്ങൾ പരമാധികാരം ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നാകുന്നു.

സ്വന്തം കുടുംബങ്ങളിൽ ജനങ്ങൾ പരമാധികാരം നടപ്പിൽവരുത്തുന്നുണ്ടെന്നു നാം കാണുന്നു. പക്ഷേ, ഒന്നിലധികം വ്യക്തികൾ അടങ്ങിയതാണല്ലോ ഓരോ കുടുംബവും. കുടുംബത്തിലെ ഓരോ വ്യക്തിയുടേയും പരമാധികാരത്തെ ഉള്ളിലടക്കിയ ഒരു 'വിശാല—പരമാധികാര'മേ ഓരോ കുടുംബത്തിലും നടപ്പിൽ വരുത്താൻ കഴിയൂ. അതായതു്, കുടുംബാംഗങ്ങളുടെ പരസ്പര സമ്മതത്തിലാണ്, കുടുംബനാഥൻെറ (അല്ലെങ്കിൽ കുടുംബനാഥയുടെ) പരമാധികാരം നിലകൊള്ളുന്നതു്.

കുടുംബത്തിൽ കുടുംബാംഗങ്ങളുടെ പരമാധികാരം (വിശാല—പരമാധികാരം) നടപ്പിലാക്കപ്പെടുംപോലെ, കുടുംബത്തിൻെറ തൊട്ടടുത്ത പരിസരത്തിൽ—ഈ പരിസരം ഒരു ഗ്രാമം ആവാം; ഒരു പഞ്ചായത്തു് ആവാം; ഒരു മുനിസിപ്പാലിററിയാവാം—ആ പരിസരത്തിലെ നിവാസികളുടെ വിശാലതരമായ പരമാധികാരം നടപ്പിലാക്കപ്പെട്ടുകൂടേ? ആവാം; ആവുന്നുണ്ട്; ആവുകയും വേണം. ഈ സീമിതമായ പരിസരത്തിനുള്ളിൽ നടപ്പിലാക്കപ്പെടേണ്ട പരമാധികാരത്തെയാണ് മഹാത്മാഗാന്ധി 'ഗ്രാമസ്വരാജ്' എന്നു വിളിച്ചതു്. നമുക്ക് അതിനെ ഗ്രാമസഭ എന്നോ, പഞ്ചായത്തെന്നോ, മുനിസിപ്പാലിററി എന്നോ വിളിക്കാം. ഈ തലത്തിൽ, ഭരണത്തിൽ ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തം സാദ്ധ്യമാണ്. ജനങ്ങൾക്ക് ഈ തലത്തിലെ ഭരണത്തിൽ നേരിട്ടു പങ്കാളിത്തം ഉള്ളപ്പോൾ മാത്രമേ, ജനങ്ങൾക്കു പരമാധികാരം ഉണ്ടെന്നു പറയുന്നതിനർത്ഥമുള്ളു. ഇതാണ് തൃണമൂലജനാധിപത്യം (ഗ്രാസ് റൂട്ട് ഡെമോക്രസി). ഇതില്ലാത്ത ഒരു രാഷ്ട്രവും 'റിപ്പബ്ലിക്ക്' എന്നു വിവരിക്കപ്പെടാൻ അർഹമല്ല.

പ്രാഥമികമായ ഈ പ്രാദേശികതലത്തിനു മുകളിൽ ഭരണത്തിൻെറ പല തലങ്ങളുമുണ്ട്: വികസനത്തിനുവേണ്ടി രൂപവത്കരിച്ച ബ്ളോക്കുകൾ (മണ്ഡലങ്ങൾ), ജില്ലകൾ, സ്റ്റേററ്, കേന്ദ്രം എന്നിവ

യാണ് ആ തലങ്ങൾ. ഭരണത്തിനുമുണ്ട് രണ്ടു വ്യത്യസ്ത മേഖലകൾ: സാധാരണപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകലും (മെയിൻറനൻസ്) വികസനപ്രവർത്തനങ്ങൾ നടപ്പിൽവരുത്തലും (ഡവലപ്പ്മെൻറ്). ഈ മേഖലകളിൽ, സാധാരണപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകേണ്ടതു്, ഏറെക്കുറെ പൂർണമായും, സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ചുമതലയാണ്. 'മെയിൻറനൻസ്' എന്ന ആ ചുമതല നിർവഹിക്കുന്നതിൽ ഉദ്യോഗസ്ഥന്മാർക്കു പററിയേക്കാവുന്ന വീഴ്ചകൾ തിരുത്തുകയല്ലാതെ, നിർവഹണത്തിൽ പൊതുജനങ്ങൾ നേരിട്ടോ, പ്രതിനിധികളിലൂടെയോ കൈയിടുന്നതു യുക്തമല്ല. അങ്ങനെ കൈയിടുന്നതു് അഴിമതിക്കേ കാരണമാവൂ. എന്നാൽ, എല്ലാത്തലങ്ങളിലുമുള്ള വികസനപ്രവർത്തനങ്ങൾ ആസൂത്രണംചെയ്യുന്നതിലും നടപ്പിൽവരുത്തുന്നതിലും, വീഴ്ചകൾ പരിഹരിക്കുന്നതിലും, പൊതുജനങ്ങൾക്കായിരിക്കണം പരമാധികാരം. ഈ പരമാധികാരം നേരിട്ടു നടപ്പിൽവരുത്താൻ കഴിയാത്തതുകൊണ്ടു്, ജനങ്ങൾ തെരഞ്ഞെടുത്ത പ്രതിനിധികളെ ഈ കാര്യത്തിനു നിയോഗിക്കുന്നു. തങ്ങൾ തെരഞ്ഞെടുത്ത പ്രതിനിധികൾ അവരെ ഏല്പിച്ച കാര്യത്തിനു കൊള്ളാത്തവരാണെന്നു കണ്ടാൽ, കാലാവധി തീരുമ്പോഴോ, അതിനു മുമ്പുതന്നെയോ അവരെ മാററി വേറെ ചിലരെ തെരഞ്ഞെടുക്കാൻ ജനങ്ങൾക്കു കഴിയണം. ജനങ്ങളുടെ താല്പര്യങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്ന പ്രതിനിധികളെ ശിക്ഷിക്കാനും ജനങ്ങൾക്കു് അധികാരമുണ്ടായിരിക്കണം.

ഇതൊക്കെയാണു ജനങ്ങളുടെ പരമാധികാരം.

ഇന്ത്യയിലെ ജനങ്ങൾക്കു പരമാധികാരമുണ്ടോ? ഇതെഴുതുന്ന എൻേറയും വായിക്കുന്ന നിങ്ങളുടെയും കാര്യമെടുക്കുക—നമുക്കു പരമാധികാരമുണ്ടോ? തെരഞ്ഞെടുപ്പിനു് നോമിനേഷൻ കൊടുക്കേണ്ട ദിവസം രാവിലെ രാഷ്ട്രീയപ്പാർട്ടികൾ നിർത്തുകയോ, സ്വയം നിന്നതിനുശേഷം രാഷ്ട്രീയപ്പാർട്ടികളുടെ അംഗീകാരം നേടുകയോചെയ്ത സ്ഥാനാർത്ഥികൾക്കു വോട്ടു കൊടുക്കാനോ, കൊടുക്കാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യത്തിൽ ഒതുങ്ങുന്നതല്ലേ നമ്മുടെ 'പരമാധികാരം'? ഈ സ്ഥാനാർത്ഥികളിൽ പലരും രാഷ്ട്രീയത്തെരുവടിച്ചവാരലിൽ തേഞ്ഞു കഴിഞ്ഞ കററിച്ചൂലുകളോ, അഴിമതിക്കരി തേച്ചാലും മാച്ചാലും പോകാത്ത പഴങ്കഞ്ഞിക്കലങ്ങളോ, കള്ളറാക്കുണ്ടാക്കി വിററും കരിഞ്ചന്ത നടത്തിയും കുറെ പണമുണ്ടാക്കിയെടുത്ത പുത്തൻ പ്രമാണികളോ, ജാതികളുടെയും മതങ്ങളുടെയും പേരിൽ പാവങ്ങളെ തമ്മിലടിപ്പിച്ച് സ്വാർത്ഥം നേടുന്ന സമൂഹദ്രോഹികളോ, പാർട്ടി വിട്ടു പാർട്ടി മാറുന്നതിൽ പ്രശസ്തി നേടിയ രാഷ്ട്രീയ—ഓന്തുകളോ, കൊള്ളക്കാരോ, കള്ളന്മാരോ ഒക്കെ ആയിരിക്കാം. (പലപ്പോഴും അങ്ങനെ സംഭവിക്കുന്നുമുണ്ട്.) ഇവരുടെ തെരഞ്ഞെടുപ്പു—പൊറാട്ടുകളി കണ്ടുനില്ക്കാനല്ലാതെ, ഈ രംഗത്തു് അല്പമെങ്കിലും യുക്തിയും ശുദ്ധിയും ഉളവാക്കുന്നതിനു് ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ നമുക്കു്, നിങ്ങൾക്കും എനിക്കും, കഴിവുണ്ടോ?

കേരളത്തിൽ പഞ്ചായത്തുകളില്ല. മുനിസിപ്പാലിററികളില്ല. ഭരണമെന്ന പേരിൽ വല്ലതും നടക്കുന്നുണ്ടെങ്കിൽ അതു് ജില്ലാതലത്തിലാണു്. സ്ഥിരം ഉദ്യോഗസ്ഥന്മാരുടെ അധികാരപരിധിക്കകത്തുമാണു്. ഉദ്യോഗസ്ഥന്മാരുടെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തുകയോ, അവരെ അകൃത്യംചെയ്യാൻ പ്രേരിപ്പിക്കുകയോ ആണു് കേരളത്തിൽ, ഞാൻ അറിഞ്ഞിടത്തോളം, ജില്ലാതലത്തിലുള്ള 'രാഷ്ട്രീയപ്രവർത്തനം'. ഏതാനും പ്രാദേശിക—മത—ജാതി സംഘടനകളുടെ ഒത്തുകളി മാത്രമാണ് സ്റേററ് തലത്തിലുള്ള ഭരണം. ഇനി കേന്ദ്രതലത്തിലോ? അഖിലേന്ത്യാതല

ത്തിൽ ഏതെങ്കിലുമൊരു നയം രൂപവല്ക്കരിക്കുന്നതിലോ, നടപ്പിൽ വരുത്തുന്നതിലോ എന്തു സ്വാധീനമാണ് നിങ്ങൾക്കും എനിക്കുമുള്ളത്?

എന്താണ് നമ്മുടെ 'പരമാധികാരം'? ഒരു റിപ്പബ്ലിക്കിലെ പൗരന്മാരാണ് നാം എന്നു പറയാൻ നിങ്ങൾക്കും എനിക്കും എന്ത് അവകാശമാണുള്ളത്?

'ഇതൊക്കെ ഇങ്ങനെയേ നടക്കൂ' എന്നാണോ നിങ്ങൾ പറയുന്നത്? ഗ്രാമസ്വരാജ്യം ഗാന്ധിജിയുടെ ഒരു ഉന്മത്തസ്വപ്നം ആയിരുന്നുവോ? താഴെനിന്ന്, മെല്ലെയെങ്കിലും സുനിശ്ചിതമായി ജനാധിപത്യം പടുത്തുയർത്താൻ, ആഗ്രഹിച്ചാൽ, നമുക്കു സാധിക്കുകയില്ലേ?

മുഖ്യമന്ത്രി ശ്രീ രാമകൃഷ്ണഹേഗ്ഡേയുടെ നേതൃത്വത്തിൽ അയൽസംസ്ഥാനമായ കർണാടകം താഴെനിന്നു ജനാധിപത്യം കെട്ടിപ്പടുക്കുന്നതിനു ചെയ്തുവരുന്ന പരിശ്രമങ്ങളിൽ കേരളീയരായ നമ്മുടെ ശ്രദ്ധ കൂടുതൽ പതിയേണ്ടതാണെന്ന് എനിക്കു തോന്നുന്നു. സംസ്ഥാനഭരണത്തിനു താഴെ, നാലു തലങ്ങളിൽ ജനാധിപത്യസംവിധാനം നിർമിക്കുന്നതിനുള്ള അസ്തിവാരം കർണാടകസംസ്ഥാനത്തിൽ ഇതിനകം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. 1987 ജനുവരി 20-ാം തീയതി ആ സ്റ്റേറ്റിലെ രണ്ടായിരത്തി നാനൂററുപത്തൊമ്പതു മണ്ഡലം പഞ്ചായത്തുകളിലുള്ള ഇരുപത്തിനാലായിരത്തി തൊള്ളായിരത്തി മുപ്പത്തിനാലു സ്ഥാനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പ് ഇന്ത്യയിലെ സമകാല രാഷ്ട്രീയസംഭവങ്ങൾക്കിടയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് എന്നു ഞാൻ കരുതുന്നു.

പ്രാഥമിക ജനാധിപത്യത്തിന്റെ നാലു തലങ്ങൾ കർണ്ണാടകത്തിൽ വിഭാവനംചെയ്യപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. ഏററവും താഴെ, ഓരോ ഗ്രാമത്തിലും ഓരോ 'ഗ്രാമസഭ' പ്രവർത്തിക്കണമെന്നാണ് അവിടെ നിശ്ചയിച്ചിട്ടുള്ളത്. ഈ ഗ്രാമസഭയിൽ തെരഞ്ഞെടുപ്പില്ല. ഗ്രാമത്തിലെ പതിനെട്ടു വയസ്സു തികഞ്ഞ എല്ലാ സ്ത്രീപുരുഷന്മാരും അതിൽ അംഗങ്ങളായിരിക്കും. ഗ്രാമത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ ഇവർ ചർച്ചചെയ്യുകയും സർവസമ്മതങ്ങളോ, ഭൂരിപക്ഷസമ്മതങ്ങളോ ആയ തീരുമാനങ്ങളിലെത്തുകയും വേണം. അതിപ്രാചീനകാലത്ത് ഗ്രീസിലും, ഇന്ത്യയിലെ പല പ്രദേശങ്ങളിലും, നിലവിലിരുന്ന 'നേരിട്ടുള്ള ജനാധിപത്യം' ആണിത്.

'ഗ്രാമസഭ'യ്ക്കു മുകളിലാണ് രണ്ടായിരത്തി നാനൂററുപത്തൊമ്പതു 'മണ്ഡലം പഞ്ചായത്തു'കൾ. ഇവയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ ജനതാപാർട്ടിക്ക് പകുതിയോളം സ്ഥാനങ്ങൾ ലഭിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പു നടന്ന പത്തൊമ്പതു ജില്ലകളിൽ പതിനാറിലും ജനതാപാർട്ടിക്കാണ് മേൽക്കൈ. ബിദർ, കുടക്, ദക്ഷിണകർണ്ണാടകം എന്നീ ജില്ലകളിൽ നേതൃത്വം കോൺഗ്രസ് പാർട്ടി കൈയടക്കിയിരിക്കുന്നു. കോൺഗ്രസ്സിനു തൊട്ടുതാഴെയാണ് ബി. ജെ. പി.യുടെ സ്ഥാനം. രാഷ്ട്രീയാടിസ്ഥാനത്തിലായിരുന്നു മണ്ഡലം പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പു നടന്നത്. എങ്കിലും, ഇരുപതു ശതമാനത്തോളം സ്ഥാനാർത്ഥികൾ എതിരില്ലാതെയാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഒരു മണ്ഡലം പഞ്ചായത്തിൽ സാധാരണയായി പതിനയ്യായിരത്തോളം ജനങ്ങളാണുണ്ടാവുക.

മണ്ഡലം പഞ്ചായത്തുകൾക്കു മുകളിൽ, പഞ്ചായത്തു പ്രസിഡണ്ടുമാർ അംഗങ്ങളും, അതാതു സ്ഥലത്തെ എം. എൽ. എ. അദ്ധ്യക്ഷനുമായി 'താലൂക്കുസഭ' വിഭാവനംചെയ്യപ്പെട്ടിരിക്കുന്നു. ഇവയിലൂടെ, എം. എൽ. എ. മാർക്കു മീതെ ഫലപ്രദമായ നിയന്ത്രണം ചെലുത്താൻ പഞ്ചായത്തുകൾക്കു കഴിയുമെന്നാണ് പ്രതീക്ഷ.

താലൂക്കസഭകൾക്കും മുകളിലാണ്' 'ജില്ലാ പരിഷത്തു'കൾ. കർണ്ണാടകസംസ്ഥാനത്തിൽ ആകെയുള്ള ഇരുപതു ജില്ലകളിൽ പത്തൊമ്പതിലും 1987 ജനുവരി 2—ാം തീയതി തെരഞ്ഞെടുപ്പു നടക്കുകയുണ്ടായി. സാമുദായികലഹളകൾ കാരണം ബാംഗ്ളൂർ അർബൻ ജില്ലയിൽ അന്നു തെരഞ്ഞെടുപ്പു നടത്താൻ സാധിച്ചില്ല.

'ഗ്രാമസ്വരാജ്യം' നടപ്പിൽ വരുത്തുന്നതു സംബന്ധിച്ച് മൗലികമായ ഒരു പരീക്ഷണത്തിൻെറ ആരംഭമാണ് കർണാടകത്തിൽ കുറിക്കപ്പെട്ടിട്ടുള്ളത്. അവിടെ ഗ്രാമ—മണ്ഡല—താലൂക്ക്—ജില്ലാതലങ്ങളിൽ ജനങ്ങളുടെ പരമാധികാരം എങ്ങനെ പ്രാവർത്തികമാക്കപ്പെടുന്നു എന്നു നാം ശ്രദ്ധിച്ചു നിരീക്ഷിക്കേണ്ടതുണ്ട്. ജനങ്ങൾക്ക് വിപുലമായ അധികാരങ്ങൾ നൽകുന്ന ഒന്നാണ് കർണാടകത്തിലെ പഞ്ചായത്തുനിയമം. പതിനെട്ടു വയസ്സു തികഞ്ഞവർക്ക് അതിൽ വോട്ടവകാശം നല്കപ്പെട്ടിരിക്കുന്നു. ഈ ബില്ലിനു കേന്ദ്രത്തിൻെറ അനുമതി നേടുവാൻ മുഖ്യമന്ത്രി രാമകൃഷ്ണഹേഗ്ഡേയ്ക്കു് കുറെയേറെ കാത്തിരിക്കേണ്ടിവന്നു. രാഷ്ട്രീയ പാർട്ടികളെ യാഥാർത്ഥ്യനിഷ്ഠമായി വിലയിരുത്തുവാൻ മണ്ഡലം പഞ്ചായത്തുകളിലേക്കുള്ള തെരഞ്ഞെടുപ്പ് കർണാടകസംസ്ഥാനത്തിലെ ജനങ്ങൾക്ക് അവസരം നല്കി. ആരോഗ്യകരമായ ഒരു ദ്വികക്ഷി സമ്പ്രദായം ഈ തെരഞ്ഞെടുപ്പിലൂടെ കർണാടകത്തിൽ ഉരുത്തിരിഞ്ഞുവന്നിട്ടുമുണ്ട്. സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിൽ സ്ഥലവാസികൾക്ക് വളരെ വലിയ അളവോളം സ്വാതന്ത്ര്യം കർണാടകത്തിലെ ജനതാപാർട്ടിയും കോൺഗ്രസ്സും അനുവദിച്ചിരുന്നു എന്ന വസ്തുത ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

കർണാടകത്തിലെ പഞ്ചായത്തുനിയമം നാം നിഷ്കർഷിച്ചു പഠിക്കേണ്ടതുണ്ട്. പരമാധികാരം നടപ്പിൽവരുത്തുന്നതിനു തങ്ങൾക്കു ലഭിച്ച അവസരം കർണാടകത്തിലെ ജനങ്ങൾ എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നു നമുക്കു കാത്തിരുന്നു കാണാം.

അതേസമയം, ഭരണഘടന നമുക്കു നൽകിയിട്ടുള്ള പരമാധികാരം സീമിതമായ തലങ്ങളിലെങ്കിലും, ഉപയോഗിക്കുന്നതിനു നമ്മെ അനുവദിക്കാത്തതാണ് കേരളത്തിൽ ഇന്നുള്ള രാഷ്ട്രീയസംവിധാനം എന്ന വസ്തുത അതിൻെറ എല്ലാ ബീഭത്സതയോടുംകൂടി, നാം ഉൾക്കൊള്ളുകയും വേണം.

ഈ നാണക്കേട് അവസാനിപ്പിക്കുന്നതിനുള്ള ബാദ്ധ്യത നമുക്ക് ഓരോരുത്തർക്കുമുണ്ട്. ഇന്ത്യൻ റിപ്പബ്ലിക്കിലെ പൗരന്മാർ എന്ന നിലയിൽ നമ്മുടെ 'പരമാധികാര'ത്തെപ്പററി നാം മനസ്സിലാക്കുകയും, അതു സ്വയം കൈയിലെടുക്കുകയും വേണം. സ്വാതന്ത്ര്യം നൽകപ്പെടാനുള്ളതല്ല, നേടിയെടുക്കപ്പെടേണ്ടതാണ്. ഓരോ തലമുറയും സ്വയം സ്വാതന്ത്ര്യം സമ്പാദിക്കേണ്ടിയിരിക്കുന്നു.

(26 ജനുവരി, 1987)

# 52. മയക്കുമരുന്നുകൾ ഇന്ത്യയിൽ

ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ മുന്നിൽ ഇന്ന് ഉയർന്നുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ പലതാണ്. പാകിസ്ഥാൻെറ ആയുധവല്ക്കരണവും, ചൈനയുടെ നുഴഞ്ഞുകയററവും ഇന്ത്യയുടെ അതിർത്തികളിൽ ഭീഷണിസൃഷ്ടിക്കുന്നു. ശ്രീലങ്ക ഗവണ്മെൻറും അവിടത്തെ തമിഴരും